കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -ചാവക്കാട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(8), 38(1) എന്നിവ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (കൈ.) നം. 249/2022/തസ്വഭവ. *തിരുവനന്തപുരം, തീയതി 09/11/2022*

---

*പരാമർശം:-*

1. 03.07.2018-ലെ സ.ഉ.(കൈ)നം. 89/2018/തസ്വഭവ
2. 20.04.2019-ലെ സ.ഉ.(കൈ)നം. 42/2019/തസ്വഭവ
3. ചാവക്കാട് നഗരസഭയുടെ 08.10.2021-ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനം.
4. ചാവക്കാട് നഗരസഭയുടെ 06.05.2022-ലെ 18-ാം നമ്പർ തീരുമാനം.
5. ചാവക്കാട് നഗരസഭ സെക്രട്ടറിയുടെ 01.08.2022 തീയതിയിലെ ഇ 2-6394/2012 നമ്പർ കത്ത്.
6. മുഖ്യനഗരാസൂത്രകന്റെ 03/09/2022 തീയതിയിലെ ടിസിപിസിടിപി/2839/2021-എഫ്2 നമ്പർ കത്ത്.

## ഉത്തരവ്

ചാവക്കാട് മാസ്റ്റർ പ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകുകയും ആയതിൻപ്രകാരം കരട് മാസ്റ്റർ പ്ലാൻ 27.11.2018-ൽ ചാവക്കാട് നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(2) മാസ്റ്റർ പ്ലാനിന്മേൽ Objections/Suggestions സ്വീകരിക്കുന്നതിനുള്ള സമയപരിധി പരാമർശം (2) ഉത്തരവ് പ്രകാരം 30.06.2019 വരെ നീട്ടി നൽകുകയും, തുടർന്ന്, ലഭ്യമായ ആക്ഷേപ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനായി നഗരസഭയുടെ പരാമർശം (3) കൗൺസിൽ തീരുമാനം പ്രകാരം ഒരു special committee രൂപീകരിക്കുകയും ചെയ്തിരുന്നു.

(3) പ്രസിദ്ധീകൃത ചാവക്കാട് മാസ്റ്റർ പ്ലാനിന്മേൽ സമയ പരിധിക്കുള്ളിൽ ലഭിച്ച ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിച്ച് നഗരസഭ മാസ്റ്റർ പ്ലാനിന്മേൽ തുടർ നടപടികൾ സ്വീകരിക്കുകയും പരിഷ്കരിച്ച മാസ്റ്റർ പ്ലാൻ പരാമർശം (4) കൗൺസിൽ തീരുമാനം പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിക്കുകയും, കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(7) പ്രകാരം സർക്കാരിന്റെ അന്തിമ അനുമതിക്കായി പരാമർശം (5) പ്രകാരം നഗരസഭ സമർപ്പിക്കുകയും ചെയ്തിരുന്നു.

(4) 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് മാസ്റ്റർ പ്ലാൻ

പ്രസിദ്ധീകരിച്ചതിനാൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ പരിഷ്കരണങ്ങളോട്ടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യം ഫാറം II-ൽ വിജ്ഞാപനം ചെയ്തിട്ടില്ല. സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശയും നഗരസഭയുടെ പരാമർശം (4) തീരുമാനവും പ്രകാരം, പ്രസിദ്ധീകൃത ചാവക്കാട് മാസ്റ്റർ പ്ലാനിൽ പരിഷ്കാകരങ്ങൾ വരുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ മാസ്റ്റർ പ്ലാനിനു കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8), 38(1) എന്നിവ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അനുമതി നൽകാവുന്നതാണെന്നും പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, ചാവക്കാട് നഗരസഭ കൗൺസിലിന്റെ തീരുമാനം എന്നിവ പരിഗണിച്ച്, ചാവക്കാട് മാസ്റ്റർപ്ലാനിന്, 2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8), 38(1) എന്നിവ പ്രകാരവും, 2021 -ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 22 പ്രകാരവും അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാജീവൻ എ.പി.
ഡെപ്യൂട്ടി സെക്രട്ടറി.

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, തൃശ്ശൂർ (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, ചാവക്കാട് നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.